മുദ്രകൾ

ചരമം

# ഡോ. ഹസൻ അൽഹുവൈദി



**സിറിയയിലെ** ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ ഉപാധ്യക്ഷനായ ഡോ. ഹസൻ ഹുവൈദി (84) കഴിഞ്ഞ മാർച്ച് 13-ന് അന്തരിച്ചു. സിറിയയിൽ ഇസ്‌ലാമികപ്രസ്ഥാനത്തിന് അടിത്തറയിട്ട മൂന്ന് മഹാരഥന്മാരിൽ ഒരാളായിരുന്നു അദ്ദേഹം. ശൈഖ് മുസ്ത്വഫസ്സിബാഈ, ഇസാം അൽഅത്വാർ എന്നിവരാണ് മറ്റു രണ്ടു പേർ. ഇഖ്‌വാന്റെ ആശയങ്ങളിൽ ആകൃഷ്ടനായി 66 വർഷം ഇസ്‌ലാമിക പ്രബോധകനായി ജീവിക്കാൻ ഭാഗ്യം ലഭിച്ച ഹസൻ ഹുവൈദിയുടെ അന്ത്യം ജോർദാൻ തലസ്ഥാനമായ അമ്മാനിലായിരുന്നു.

1952ൽ ദേർസൂർ എന്ന സിറിയൻ ഗ്രാമത്തിലാണ് ജനനം. വൈദ്യശാസ്ത്രമാണ് പഠനമേഖലയായി തെരഞ്ഞെടുത്തത്. 1952ൽ നല്ല മാർക്കോടെ ബിരുദം നേടി. വിദേശത്ത് ഉപരിപഠനത്തിനുള്ള അവസരം ലഭിച്ചെങ്കിലും തന്റെ ഗ്രാമത്തിൽ രോഗികളെ ചികിത്സിച്ചും പ്രബോധന പ്രവർത്തനങ്ങൾ നടത്തിയും ജീവിക്കാനായിരുന്നു അദ്ദേഹത്തിന് താൽപര്യം. ഇസ്‌ലാമിക വിഷയങ്ങളിൽ അഗാധ ജ്ഞാനം നേടാനും അദ്ദേഹം സമയം കണ്ടെത്തി. മുസ്ത്വഫസ്സിബാഈ ആയിരുന്നു ഗുരു. ബഅസ് പാർട്ടിയുടെ താത്ത്വികാചാര്യനായ മൈക്കൽ അഫ്‌ലഖിന്റെ ആശയങ്ങൾക്കെതിരെ നിരവധി പ്രഭാഷണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു ചെറുപ്പത്തിൽ.

ഒരുപാട് പീഡനപർവങ്ങൾ താണ്ടിയായിരുന്നു ഈ പ്രബോധകന്റെ ജീവിതയാത്ര. ആധുനിക സിറിയയുടെ ഏതാണ്ടെല്ലാ ഭരണാധികാരികളുടെയും കാലത്ത് അദ്ദേഹം അറസ്റ്റ് ചെയ്യപ്പെടുകയുണ്ടായി. 1964-ൽ അന്നത്തെ സിറിയൻ പ്രസിഡന്റായിരുന്ന നൂറുദ്ദീൻ അത്താസിയാണ് ആദ്യം അറസ്റ്റ് ചെയ്തത്. അമീനുൽ ഹാഫിളിന്റെയും ഹാഫിളുൽ അസദിന്റെയും കാലത്തും പല തവണ ജയിലിലടക്കപ്പെട്ടു. ഒടുവിൽ വിട്ടയക്കുമ്പോൾ ഹാഫിളുൽ അസദ്, ഡോ. ഹുവൈദിയോട് സിറിയൻ ആരോഗ്യ മന്ത്രിസ്ഥാനം ഏറ്റെടുക്കാൻ അഭ്യർഥിച്ചെങ്കിലും അദ്ദേഹം സ്വീകരിച്ചില്ല.

*അൽവുജൂദുൽ ഹഖ്, മിൻ നഫ്ഹാത്തിൽ ഹുദാ, മഹാദീറുൽ ഇഖ്തിലാത്, അശ്ശൂറാ ഫിൽ ഇസ്‌ലാം* തുടങ്ങിയ കൃതികളുടെ കർത്താവാണ്. ■

# ഹംസ് പിളർപ്പിലേക്ക്



അബൂജർറ സുൽത്വാനി



അബ്ദുൽ മജീദ് മുനാസ്വറ

**അൾജീരിയയിലെ** ഇസ്‌ലാമിക പ്രസ്ഥാനമായ 'ഹംസ്' (ഹർകത്തു മുജ്തമഇസ്സിൽമ്) കടുത്ത ആഭ്യന്തര പ്രശ്നങ്ങൾ നേരിടുകയാണെന്ന് റിപ്പോർട്ട്. മുൻ അൾജീരിയൻ വ്യവസായ മന്ത്രിയും ഹംസിന്റെ മുതിർന്ന നേതാവുമായ അബ്ദുൽ മജീദ് മുനാസ്വറയുടെ നേതൃത്വത്തിൽ ഒരു വിഭാഗം അദ്ദഅ്‌വ വത്തഗ്‌യീർ (പ്രബോധനവും പരിവർത്തനവും) എന്ന പേരിൽ പുതിയ പാർട്ടി രൂപവത്കരിച്ചിരിക്കുകയാണ്. ഇത് പ്രബോധന സ്വഭാവമുള്ള കൂട്ടായ്മയാണെന്നും രാഷ്ട്രീയ പാർട്ടിയല്ലെന്നും അദ്ദേഹം വിശദീകരിക്കുന്നു.

കഴിഞ്ഞ മെയിൽ നടന്ന പാർട്ടിയുടെ നാലാം ദേശീയ സമ്മേളനത്തിൽ തന്നെ അഭിപ്രായ ഭിന്നതകൾ മറനീക്കി പുറത്തുവന്നിരുന്നു. അന്ന് പ്രശ്നങ്ങൾ പറഞ്ഞ് തീർത്തെങ്കിലും അബൂജർറ സുൽത്വാനി വീണ്ടും ഹംസിന്റെ അധ്യക്ഷനായതോടെ ഐക്യശ്രമങ്ങൾക്ക് തിരിച്ചടിയേറ്റു.

ഈജിപ്തിൽ ഇഖ്‌വാന്റെ കാര്യദർശി മഹ്ദി ആകിഫ് തന്നെയാണ് മാധ്യസ്ഥ ശ്രമങ്ങൾക്ക് ചുക്കാൻ പിടിച്ചത്. ഇരുവിഭാഗവും അൾജീരിയയിൽ ഇഖ്‌വാനെ പ്രതിനിധീകരിക്കുന്നില്ലെന്ന് പറഞ്ഞ് രണ്ടാഴ്ച മുമ്പ് നിരാശയോടെ അദ്ദേഹം മാധ്യസ്ഥ ശ്രമങ്ങൾ ഉപേക്ഷിച്ചു.

അൾജീരിയൻ പാർലമെന്റിൽ ഹംസിന് നിലവിൽ 52 അംഗങ്ങൾ ഉണ്ട്. അവരിൽ മുനാസ്വറയോട് കൂറ് പുലർത്തുന്ന 29 പേർ പ്രത്യേകം ഗ്രൂപ്പായി ഇരിക്കാനാണ് തീരുമാനം. ആശയപരം എന്നതിലുപരി മറ്റു ചില കാരണങ്ങളാണ് പിളർപ്പിന് വഴിയൊരുക്കിയതെന്നാണ് നിഗമനം. ■

## മുദ്രകൾ

# പാകിസ്താനിൽ ഇറാഖ് മോഡൽ വിഭാഗീയ കലാപത്തിന് ശ്രമം

**അടുത്ത** കാലത്തായി പാകിസ്താനിലെ പ്രാർഥനാലയങ്ങളിൽ ചാവേറാക്രമണങ്ങൾ വർധിച്ചിട്ടുണ്ട്. ഏപ്രിൽ ആറിന് വടക്കു കിഴക്കൻ നഗരമായ ചക്‌വലിലെ ശീഈ പള്ളിയിൽ ഒരാൾ സ്വയം പൊട്ടിത്തെറിച്ച് 26 പേരെയാണ് കൊലപ്പെടുത്തിയത്. തൊട്ടുമുമ്പ് അഫ്ഗാനിസ്താനോട് ചേർന്ന ഖൈബറിലെ ഒരു സുന്നി പള്ളിയിലെ സ്ഫോടനത്തിൽ കൊല്ലപ്പെട്ടത് 70 പേർ. തുടരെത്തുടരെയുള്ള ഇത്തരം സംഭവങ്ങൾ ആസൂത്രിതമാണെന്ന നിഗമനത്തിലാണ് രാഷ്ട്രീയ നിരീക്ഷകർ. "ഇറാഖിൽ സംഭവിച്ചതുപോലെ വിഭാഗീയ സംഘട്ടനങ്ങൾ ഉണ്ടാക്കാനുള്ള ആസൂത്രിത നീക്കങ്ങളാണ് പാകിസ്താനിൽ അരങ്ങേറുന്നതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു"- കറാച്ചി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന രാഷ്ട്രീയ നിരീക്ഷകൻ അബ്ദുൽ ഖാലിഖ് അലി പറയുന്നു. "അമേരിക്കയുടെ പുതിയ അഫ്ഗാൻ നയമനുസരിച്ച് പാകിസ്താനെതിരെ അമേരിക്ക നടത്തുന്ന മിസൈലാക്രമണങ്ങളിൽനിന്ന് ജനശ്രദ്ധ തെറ്റിക്കാനുള്ള പുകമറ മാത്രമാണ് ഈ ചാവേർ ആക്രമണങ്ങൾ."



ചാവേർ ആക്രമണത്തിൽ തകർന്ന ഖൈബറിലെ പള്ളി

ചാവേർ ആക്രമണങ്ങളിൽ അമേരിക്കക്ക് പങ്കുണ്ടോ എന്ന് വ്യക്തമല്ല. എന്നാൽ അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ ഉതകുന്ന വിധത്തിലാണ് ഓരോ ചാവേർ ആക്രമണവും. ബ്രിട്ടന്റെ എം.ഐ 6, അമേരിക്കയുടെ സി.ഐ.എ, ഇസ്രയേലിന്റെ മൊസാദ് തുടങ്ങിയ ചാര സംഘടനകൾ ഗോത്രമേഖലകളിൽ നുഴഞ്ഞ് കയറിയിട്ടുണ്ടെന്നും അവരെക്കുറിച്ചുള്ള വിവരങ്ങൾ ഗവൺമെന്റ് മനഃപൂർവം പുറത്തുവിടാതിരിക്കുകയാണെന്നും മറ്റൊരു നിരീക്ഷകനായ അൻസാർ അബ്ബാസി അഭിപ്രായപ്പെടുന്നു.

ചില തീവ്രവാദിഗ്രൂപ്പുകൾ വിദേശശക്തികളുടെ തിട്ടൂരമനുസരിച്ച് മേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണെന്ന് സുന്നി-ശീഈ നേതൃത്വങ്ങൾക്ക് ബോധ്യമുണ്ട്. അതുകൊണ്ടാണ് ഇത്രയധികം സ്ഫോടനങ്ങൾ ഇരുവിഭാഗം പള്ളികളിലും ഉണ്ടായിട്ടും വിഭാഗീയ കലാപങ്ങൾ പൊട്ടിപ്പുറപ്പെടാത്തത്. "ഈ ഭീകരകൃത്യങ്ങൾക്ക് പിന്നിൽ ആരാണെന്ന് സുന്നികൾക്കും ശീഈകൾക്കും നന്നായിട്ടറിയാം. ഞങ്ങളെ തമ്മിലടിപ്പിക്കാൻ ശ്രമിക്കുന്ന പൊതുശത്രുവാണത്. പക്ഷേ ഞങ്ങൾ തമ്മിലടിക്കില്ല"- പ്രമുഖ ശീഈ നേതാവും ജഅ്ഫരി അലയൻസ് പാകിസ്താൻ എന്ന സംഘടനയുടെ ജനറൽ സെക്രട്ടറിയുമായ സയ്യിദ് ശബ്ബാർ റാസ പറഞ്ഞു. ■